# NUMATS ഉപജില്ലാതല പരീക്ഷ 2017–2018

## മാതൃകാ ചോദ്യപേപ്പർ - 10

## ഭാഗം: എ

## ക്വിസ്

**സമയം: 30 മിനിട്ട്**

**സ്കോർ - 10**

**നിർദ്ദേശങ്ങൾ:**

- **ഓരോ ചോദ്യത്തിന്റെയും ഉത്തരം കുട്ടികൾ കടലാസിൽ എഴുതണം. ഈ കടലാസ് വാങ്ങി വയ്ക്കണം.**
- **ഓരോ കുട്ടിക്കും കിട്ടിയ ആകെ സ്കോർ ബോർഡിൽ പ്രദർശിപ്പിക്കണം. (സ്ഥാനങ്ങൾ പ്രഖ്യാപിക്കേണ്ടതില്ല)**

1. തുടർച്ചയായ 5 എണ്ണൽസംഖ്യകളുടെ തുക 50 ആണ്. സംഖ്യകളുടെ ശരാശരി 10 ആയാൽ സംഖ്യകൾ ഏവ?
2. ഒരു ചതുരത്തിന്റെ പരപ്പളവ് 1/2 ചതുരശ്രമീറ്റർ. ഒരു വശത്തിന്റെ നീളം 3/4 മീറ്റർ. മറ്റേവശത്തിന്റെ നീളം എന്താണ്?
3. ഒരു സമചതുരക്കട്ട 64 ചെറിയ സമചതുര കട്ടകൾ ചേർത്തുണ്ടാക്കിയതാണ്. അതിന്റെ എല്ലാ മൂലയിൽ നിന്നും ഓരോ കട്ടവീതം മാറ്റിയാൽ ബാക്കി എത്ര കട്ടകളുണ്ടായിരിക്കും?
4. 1 ലിറ്റർ അളവുള്ള ഒരു പാത്രത്തിൽ നിറയെ വെള്ളമുണ്ട്. അതിൽ 1 സെ.മീ. വശമുള്ള 10 സമചതുരക്കട്ടകൾ ഇട്ടാൽ എത്ര വെള്ളം പുറത്തേക്ക് ഒഴുകും? പാത്രത്തിൽ മിച്ചമുള്ള വെള്ളത്തിന്റെ അളവ് എത്ര?
5. 5 കിലോമീറ്റർ 5 മീറ്ററിനെ കിലോമീറ്ററിലേക്ക് മാറ്റി എഴുതുക.
6. 12 മണി 20 മിനിറ്റ് എന്ന് ക്ലോക്കിൽ കാണിക്കുമ്പോൾ മണിക്കൂർ സൂചിയ്ക്കും മിനിറ്റ് സൂചിയ്ക്കും ഇടയിലുള്ള കോൺ എത്ര ഡിഗ്രിയിലായിരിക്കും?
7. $86x50+14x50=$ ................
8. $3\frac{1}{2}$ നെ എത്രകൊണ്ട് ഗുണിച്ചാൽ 1 കിട്ടും?
9. ഒരു ചതുരത്തിന്റെ ചുറ്റളവ് 24 സെ.മീ. ആണ്. എങ്കിൽ ആ ചതുരത്തിന്റെ പരമാവധി പരപ്പളവ് എത്ര?
10. 3 ലിറ്ററിന്റെ നാലിലൊന്നു ഭാഗവും $\frac{1}{4}$ ലിറ്ററിന്റെ 3 മടങ്ങും തമ്മിലുള്ള ബന്ധം എന്ത്?

## ഭാഗം: ബി

## കുറിപ്പ് തയാറാക്കുക

**സമയം: 30 മിനിട്ട്**

**സ്കോർ - 10**

വിഷയം: ഭിന്നസംഖ്യയിൽ നിന്നും ദശാംശസംഖ്യയിലേക്കുള്ള യാത്ര.

# ഭാഗം: സി

## പ്രായോഗിക പരീക്ഷ


ഏതെങ്കിലും ഒരു ചോദ്യത്തിന് മാത്രം ഉത്തരം എഴുതുക.

**സമയം: 30 മിനിട്ട്**

**സ്കോർ – 15**

**നിർദ്ദേശങ്ങൾ: (അദ്ധ്യാപകർക്ക്)**

- **ചോദ്യപേപ്പറിൽ കാണുന്ന ചിത്രത്തിൽ തന്നിരിക്കുന്ന അതേ അളവുകളിൽ ഒരു ചിത്രം കുട്ടികൾ വരയ്ക്കണം / നിർമ്മിക്കണം ഇതിനായി ചിത്രം എല്ലാ കുട്ടികളും കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കണം. ആവശ്യമെങ്കിൽ ചാർട്ട് വരച്ച് കാണിക്കണം.**
- **ചിത്രം വരയ്ക്കുന്നതിന് / നിർമ്മിക്കുന്നതിന് മുമ്പോ അതിന് ശേഷമോ വരയ്ക്കുന്ന രീതിയെക്കുറിച്ച് ഒരു വിശദീകരണ കുറിപ്പ് കുട്ടികൾ തയ്യാറാക്കണം. അതിനുള്ള നിർദേശം നൽകണം. ഇത് ഒരു കടലാസിൽ എഴുതി വാങ്ങണം.**
- **ചിത്രം വരയ്ക്കുന്നതിനും അളവുകൾ അളന്നെഴുതുന്നതിനും നിർദേശം നൽകണം.**



1. ചിത്രത്തിൽ കാണുന്ന പാറ്റേൺ വരയ്ക്കുക. ഈ ചിത്രത്തിനുള്ളിൽ $\frac{1}{2}$ ഭാഗം, $\frac{1}{4}$ ഭാഗം എന്നിവ വ്യത്യസ്ത രീതിയിൽ ഷെയ്ഡ് ചെയ്യുക.
2. 15 സെ.മീ. നീളവും 10 സെ.മീ. വീതിയും 12 സെ.മീ. ഉയരവുമുള്ള ചതുരപ്പെട്ടി നിർമ്മിക്കുക. മാതൃക കാണിക്കണം.
3. ക്ലാസ്സ് റൂമിലെ മേശയുടെ മുകൾഭാഗത്തിന്റെ പരപ്പളവ് കണ്ടെത്തി അതിൽ ഒട്ടിയ്ക്കാനുള്ള മൈക്കയുടെ അളവ് കണ്ടെത്തുക.

# ഭാഗം: ഡി

## പ്രശ്നാപഗ്രഥന ചോദ്യങ്ങൾ

**സമയം: 30 മിനിട്ട്**

**സ്കോർ – 15**


**നിർദ്ദേശങ്ങൾ:**

- **ഏതെങ്കിലും മൂന്ന് ചോദ്യങ്ങൾക്കാണ് ഉത്തരം എഴുതേണ്ടത്.**
- **കുട്ടി ഉത്തരത്തിലെത്തിച്ചേർന്ന വഴി ഉത്തര കടലാസിൽ എഴുതേണ്ടതാണ്.**
- **ഉത്തരത്തിലെത്തിച്ചേർന്ന ഓരോ ഘട്ടവും സൂക്ഷ്മമായി വിലയിരുത്തി സ്കോർ നൽകേണ്ടതാണ്.**

1. ഒരു ക്ലാസ്സിലെ 20 കുട്ടികളുടെ ശരാശരി ഭാരം 30 കി.ഗ്രാം ആണ്. പുതിയതായി വന്ന ടീച്ചറിന്റെ ഭാരം കൂടി ചേർന്നപ്പോൾ അവരുടെ ശരാശരി ഭാരം 32 കിലോഗ്രാമായി. പുതുതായി വന്ന അധ്യാപികയുടെ ഭാരം കണ്ടെത്തുക.

2. ഒരു നീന്തൽക്കുളത്തിന് 30 മീറ്റർ നീളവും, 15 മീറ്റർ വീതിയും 2 മീറ്റർ ആഴവുമുണ്ട്. ഇതിൽ പകുതി ഉയരത്തിൽ വെള്ളമുണ്ടെങ്കിൽ ആകെ എത്ര ലിറ്റർ വെള്ളമുണ്ടാകും. ഈ കുളത്തിൽ 1 സെ.മീ. ഉയരത്തിൽ വെള്ളം കൂടിയാൽ എത്ര ലിറ്റർ വെള്ളം കൂടും?

3. ചതുരാകൃതിയായ ഒരു സ്ഥലത്ത് പയർ, വെണ്ട, ചീര, വഴുതന ഇവ കൃഷി ചെയ്യുന്നതിന് സ്ഥലം തിരിച്ചിരിക്കുന്നത് താഴെ പറയുന്ന രീതിയിലാണ്.




a) ആകെ സ്ഥലത്തിന്റെ എത്ര ഭാഗത്താണ് പയറും വെണ്ടയും കൃഷി ചെയ്തിരിക്കുന്നത്?

b) ചീരയും വഴുതനയും കൃഷി ചെയ്തിരിക്കുന്നത് എത്ര ഭാഗം?

c) പയർ കൃഷി ചെയ്തതിന്റെ എത്ര ഭാഗത്താണ് വഴുതന കൃഷി ചെയ്തിരിക്കുന്നത്?

4. ഒരു ചതുരത്തിന്റെ പരപ്പളവ് $7\frac{1}{2}$ ചതുരശ്രമീറ്റർ. ഒരു വശത്തിന്റെ നീളം $1\frac{1}{4}$ മീറ്റർ ആയാൽ മറ്റേ വശത്തിന്റെ നീളം എത്ര?